(ബി—ഇ) ഇത് വൈദ്യുത ബോർഡിന്റെ അധീനതയിലാണ്.

ഭൂതത്താൻകെട്ട് മുതൽ ഇണ്ടം റോഡ് വരെയുള്ള റോഡിന്റെ ദൈർഘ്യം

68 [5720] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മുതൽ ഇണ്ടം റോഡ് വരെയുള്ള റോഡിന്റെ ദൈർഘ്യം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ടാർ ചെയ്യുന്നതിനുള്ള ജോലി എന്ന് ആരംഭിച്ചു;

(സി) ഇതുവരെ അതിന്റെ എത്ര ശതമാനം ജോലി പൂർത്തിയാക്കി;

(ഡി) ഈ പണി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതിന്റെ പണി എന്ന് പൂർത്തിയാക്കാനാകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ—ഇ) പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതല്ല.

കോടിമത-കവണാറ്റിൻകര പാതയുടെ നിർമ്മാണം

69 [5721] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കോടിമത നിന്ന് കവണാറ്റിൻകരയിലൂടെയുള്ള നിയുക്ത പാതയുടെ നിർമ്മാണം ഏതുഘട്ടത്തിലാണെന്നും ഇതിന്റെ യഥാർത്ഥ റൂട്ട് എന്താണെന്നും വ്യക്തമാക്കുമോ;

(ബി) കുമരകം, കവണാറ്റിൻകര, ചീർപ്പുങ്കൽ, വെച്ചൂർ വഴിയുള്ള പാതകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇപ്രകാരമുള്ള ഒരു പദ്ധതിക്കായി റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ പ്രസ്തുത റോഡിന്റെ ഇരുവശത്തും അതിരുകൾ സ്ഥാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റോഡിന്റെ ഇരുവശവും താമസിക്കുന്നവർക്കും തദ്ദേശവാസികൾക്കും ഈ പദ്ധതിയോട് വിയോജിപ്പുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സർക്കാർ മുതൽമുടക്കി സ്ഥാപിച്ചിട്ടുള്ള റോഡുകളും പാലങ്ങളും ആവശ്യാനുസരണം പരിഷ്കരിക്കുന്നതിനും രണ്ടോ മൂന്നോ സ്വകാര്യ സ്റ്റാർ ഹോട്ടലുകൾക്ക് മാത്രം പ്രയോജനപ്പെടുന്നതുമായ എട്ടുവരിപ്പാത നിർമ്മാണം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly